# Deepika

# 24 July 2018

# Thiruvananthapuram: Flood relief programmes



## ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ടൂറിസം സംരംഭകർ

തിരുവനന്തപുരം: വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ ടൂറിസം സംരംഭകർ. കുമരകത്ത് വെള്ളപ്പൊക്കക്കെടുതി അനുഭവിക്കുന്നവർക്ക് ആശ്വാസവുമായെത്തിയ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് വേണ്ട സഹായമെത്തിച്ചത് പ്രദേശത്തെ റിസോർട്ട് ഉടമകളും കൂടി ചേർന്നാണ്. ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന എല്ലാ റിസോർട്ടുകളോടും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സഹായമമെത്തിക്കാൻ ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ആവശ്യപ്പെട്ടിരുന്നു. ഇതിനെത്തുടർന്നാണ് ടൂറിസം സംരംഭകർ കുമരകത്ത് ദുരിതാശ്വാസ പ്രവർത്തന സഹായവുമായി എത്തിയത്.

ആലപ്പുഴ ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേരള ട്രാവൽമാർട്ട് സൊസൈറ്റിയും ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ ആറ്റോയിയും ആയുർവേദ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയും മറ്റിതര ടൂറിസം സംഘടനകളും സഹായവുമായെത്തി. ഉത്തരവാദിത്വ ടൂറിസം മിഷൻ ജീവനക്കാർ 500 കിലോ അരിയും 500 നോട്ടുബുക്കുകളും നൽകി. കേരള ട്രാവൽമാർട്ട് സൊസൈറ്റി 35,000 ലിറ്റർ ശുദ്ധീകരിച്ച കുടിവെള്ളമാണ് ദുരിതബാധിതർക്കായി നൽകിയത്. കേരള ഹൗസ്ബോട്ട് ഓണേഴ്സ് ഫെഡറേഷൻ 900 കിലോ അരിയും 200 ലിറ്റർ കുടിവെള്ളവും എത്തിച്ചു. 250 കിലോ ഏത്തപ്പഴം, 500 പാക്കറ്റ് ബ്രെഡ്, 200 പാക്കറ്റ് മിൽക്ക് പൗഡർ എന്നിവയും ടൂറിസം സംരംഭകർ ദുരിതബാധിതർക്ക് വിതരണം ചെയ്തു.